ട്ടുണ്ട്. ടയറിന്റെയും ട്യൂബിന്റെയും വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഡിസംബറിൽ നടത്തിയ കാൺഫറൻസ് തീരുമാനമനുസരിച്ച് 3 ലക്ഷം രൂപയുടെ പുതിയ യന്ത്രങ്ങൾക്ക് ഗവണ്മെൻറ് ആർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത കാൺഫറൻസിലെ തീരുമാനങ്ങളുടെ ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ട്. †

ശ്രീ. ആർ. സുശീലൻ: ഇപ്പോൾ അവിടെ ഉല്പാദനം നടത്തുന്നതു് പുറത്തുള്ള ആർഡറിനു് കൊടുക്കാൻ തക്കവണ്ണമാണോ?

ശ്രീ. കെ. പി. ഗോപാലൻ: അതെ.

ശ്രീ. എം. നാരായണക്കുറുപ്പു്: എസ്റ്റിമേറുകമ്മിറ്റി പല ശുപാർശകളും വച്ചിട്ടുണ്ടു്. ആ ശുപാർശകളും നടപ്പിലാക്കുന്നതിനുമുമ്പു വല്ല വിദഗ്ദ്ധകമ്മിറ്റിയും പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: വിദഗ്ദ്ധകമ്മിറ്റി പരിശോധിച്ചിട്ടില്ല. അവിടെ ഒരു കാൺഫറൻസു് വിളിച്ചുകൂട്ടി. അതിൽ ഇൻഡസ്ട്രീസു് ഡയറക്ടറും അവിടത്തെ ടെക്നിക്കൽ ഉദ്യോഗസ്ഥന്മാരും ടെയിഡു് യൂണിയൻ പ്രതിനിധികളും പങ്കെടുക്കുകയും പുനഃസംഘടനയുള്ള ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ ശുപാർശകളും നടപ്പിലാക്കിയതിന്റെ ഫലമായി ആദായകരമാകുമെന്നുള്ള ലക്ഷണം കാണുന്നുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: 1957-58-ൽ തന്നെ 39,589 രൂപ ലാഭമുണ്ടെന്നു കണക്കാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഈ പുനഃസംഘടനയുടെ ഫലമായി തീർച്ചയായും കൂടുതൽ ലാഭകരമായി ഫാക്ടറി നടത്താൻ സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ പരിശോധനയുടെ ഫലമായി റബ്ബർ ഫാക്ടറി ഇതുവരെ നഷ്ടത്തിൽ നടന്നുവരാനുള്ള കാരണമെന്താണെന്നു് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: പല കാരണങ്ങളും ഉണ്ടായിരിക്കും. ഏജൻസി വ്യവസ്ഥതന്നെ ഒരു പ്രധാനപ്പെട്ട കാരണമാണു്. രണ്ടാമതായി റബ്ബർ വാങ്ങുന്ന അവസരത്തിൽ ശരിയായി പരിശോധിക്കണം. പിന്നൊരു കാര്യം ലാഭകരമായി വില്ക്കാൻ സാധിക്കുന്ന ഉല്പാദനം അവിടെ ഉണ്ടാക്കണമെന്നുള്ളതും ഈ ചർച്ചയിൽ മുന്നോട്ടുവന്ന പ്രശ്നമാണു്. ഈ കാര്യമൊക്കെ കാൺഫറൻസു് ശുപാർശ ചെയ്തിട്ടുണ്ടു്. ഗവണ്മെൻറ് പരിശോധിച്ചു് അതിനു് പരിഹാരം നേടാൻ നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ടു്.

(ii) *Unstarred questions and answers.*

ടാൻസ്പോർട്ടു് ലോക്കൽ ബസ്സുകൾ.

392. [1] ശ്രീ പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയ്ക്കും കോഴിക്കോട്ടിനും ഇടയിലും പയ്യോളി-പേരാമ്പ്ര വഴിനിലും കണ്ണൂർ-പഴയങ്ങാടി, കണ്ണൂർ-പയ്യന്നൂർ (via തളിപ്പറമ്പ) വഴിനിലും സ്റ്റേറു് ടാൻസ്പോർട്ടു് ലോക്കൽ ബസ്സുകൾ ഓടിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) മലബാറിലെ പ്രധാന പട്ടണങ്ങളിലും ടൗൺ സർവ്വീസായി സ്റ്റേറു് ബസ്സുകൾ ഓടിക്കുവാൻ നടപടികളും എടുക്കുമോ?

† Please see Appendix No. IV.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) തല്ക്കാലം സാദ്ധ്യമല്ല.

ഉദ്യോഗനിയമനം.

393. [3] ശ്രീ. ഇ. പി. ഇയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-54 മുതൽ 31-3-59 വരെ Public Service Commission മുഖേന നടത്തിയ ഉദ്യോഗങ്ങളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുവാൻ മയവുണ്ടാകുമോ;

(ബി) മേല്പറഞ്ഞ വർഷങ്ങളിൽ Employment Exchange മുഖേന നടത്തിയ ഉദ്യോഗങ്ങളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുവാൻ മയവുണ്ടാകുമോ;

(സി) മേല്പറഞ്ഞ രണ്ടു രീതിയിലും ഉൾപ്പെടാതെ Government നേരിട്ടു നടത്തിയിട്ടുള്ള ഉദ്യോഗങ്ങളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു മയവുണ്ടാകുമോ?

ഉത്തരം

"എല്ലാ വകുപ്പധ്യക്ഷന്മാരിൽനിന്നും വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണവിവരം നൽകാൻ കാലതാമസമുണ്ട്". കിട്ടിയടത്തോളമുള്ള വിവരമുൾക്കൊള്ളുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.† പൂർണ്ണവിവരം എത്രയും വേഗത്തിൽ നൽകുന്നതാണ്"

CALLING ATTENTION UNDER RULE 66.

Mr. Speaker: I am in receipt of a notice for discussion under Rule 66 from Shri M. A. Antony. I do not think it is important enough for a discussion under Rule 66. So, I refuse permission to the motion.

II LEGISLATIVE BUSINESS

THE KERALA AGRARIAN RELATIONS BILL, 1957 (*contd.*)

[*The number within brackets shown against the amendments denotes the number in the list of amendments.*]

Shri T. A. Thomman: Sir, yesterday I was speaking on my amendment to delete the word partition in Clause 15 (1). If we are to shut out the allottees after the 18th Day of December 1957 from the category of small holders, I submit, Sir, that it will be working great hardship to very many small holders, I understand that the object of this clause is to confer some special concessions to small holders. Sir, I am aware that we have not got sufficient data to know the number of small holders in Kerala. Although the Bill was published in 1957 and it is nearly two years that we are at this Agrarian Relations Bill, I am sorry, Sir, that we have not got yet sufficient data, and I think that the Government ought to have

9 a. m.

† Please see Appendix No. V.

LIBRARY ARCHIVES Kerala Legislative Assembly